പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2406 **27-10-2026-ൽ മറുപടിയ്ക്ക്**

ഉഡുപ്പി–കരിന്തളം 400 കെ.വി. വൈദ്യുതി ലൈനും സബ്സ്റ്റേഷൻ നിർമാണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ	ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) ഉഡുപ്പി–കരിന്തളം 400 കെ.വി. വൈദ്യുതി ലൈനും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

മറുപടി: ഉഡുപ്പി 400 കെ വി സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ദക്ഷിണ കന്നഡയിൽ ഏകദേശം 20 കീ മീ ലൈൻ കൂടി പൂർത്തീകരിക്കാനുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ ചെലവായ തുക എത്രയാണെന്നും ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

മറുപടി: കേന്ദ്ര ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈൻ പദ്ധതിയാണ് ഉഡുപ്പി-കരിന്തളം (കാസർഗോഡ്) 400 കെ.വി ട്രാൻസ്മിഷൻ ലൈൻ പദ്ധതി. ആയതിനാൽ ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ